ഉത്തരം

(എ) ഇടുക്കി ജില്ലയിൽ കെ. ഡി. എച്ച്. ഇടുക്കി, വാഗമൺ എന്നീ വില്ലേജുകളിൽ റവന്യൂ ഉദ്യോഗസ്ഥരുടെ സഹായത്തോടെ വ്യാജ പട്ടയം വിതരണം ചെയ്യുന്നതായും അനധികൃത കയ്യേറ്റം നടക്കുന്നതായും അഡീഷണൽ ഡി. ജി. പി. ഇന്റലിജൻസ് 2004-ൽ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തിരുന്നു. ടി അന്വേഷണ റിപ്പോർട്ടിൽ സ്ഥലം അനധികൃതമായി കൈവശം വച്ചിരിക്കുന്ന ചില വ്യക്തികളുടെ പേരു വിവരങ്ങളും ഉത്തരവാദികളായ ചില റവന്യൂ ജീവനക്കാരുടെ പേരു വിവരങ്ങളും നൽകിയിരുന്നതായി കളക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) ഇടുക്കി ജില്ലയിലെ കെ. ഡി. എച്ച്. വില്ലേജിലെ വ്യാജ പട്ടയങ്ങളെ സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ വി. സി. 10/03 നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. കൂടാതെ 17-11-2003-ലെ സർക്കാർ ഉത്തരവ് നമ്പർ (ആർ ടി.) 3611/03 ആർ. ഡി. നമ്പർ ഉത്തരവ് പ്രകാരം സർവെ ഡയറക്ടർ, ലാന്റ് ബോർഡ് സെക്രട്ടറി, സി. സി. എഫ്. (പ്രൊട്ടക്ഷൻ) തിരുവനന്തപുരം എന്നിവർ തുടങ്ങിയ ഒരു എക്സ്പെർട്ട് കമ്മറ്റിയെ നിയോഗിക്കുകയും ടി കമ്മിറ്റിയുടെ നേതൃത്വത്തിൽ പരിശോധനാ നടപടികൾ നടന്നുവരുന്നതുമാണ്. വാഗമൺ വില്ലേജിലെ വ്യാജപട്ടയം സംബന്ധിച്ച് സർക്കാർ തലത്തിൽ ഫൊലവൽ കമ്മിറ്റിയെ നിയോഗിച്ചിട്ടുള്ളതുമാണ്. ഉത്തരവാദികളായ സർക്കാർ ജീവനക്കാർക്കെതിരായി വകുപ്പുതല അച്ചടക്ക നടപടിയും സ്വീകരിച്ചുവരുന്നു.

മിച്ചഭൂമി കൈവശക്കാർക്ക് പട്ടയം

109 [1329] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പടയമംഗലം നിയോജകമണ്ഡലത്തിൽ ഇളമാട്ട് പഞ്ചായത്തിൽ ചെറിയ വെളിനല്ലൂർ കോമൺപ്ലാട്ടിൽ കഴിഞ്ഞ മുപ്പത് വർഷമായി കൈവശാവകാശമുള്ള 34 കുടുംബങ്ങൾക്കും വേങ്ങൂർ കോമൺപ്ലാട്ടിലെ 6 കുടുംബങ്ങൾക്കും പട്ടയം നൽകുന്നതിലേക്ക് കൊല്ലത്തെ ജനസമ്പർക്ക പരിപാടിയിൽ നൽകിയ നിർദ്ദേശം എന്നത്തേക്ക് നടപ്പിലാകുമെന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത റവന്യൂ ഭൂമിയിൽ കൃഷിവകുപ്പിന് അവകാശമുണ്ടെന്ന ന്യായീകരണം പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിച്ചു ;

(സി) ചിതറ പഞ്ചായത്തിൽ മാങ്കോട് വില്ലേജിൽ കണ്ണങ്കോട് മിച്ചഭൂമിയിൽ കൈവശക്കാരായ എത്ര കുടുംബങ്ങൾ ഉണ്ട് ; അവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ ; എന്നത്തേക്ക് പട്ടയം നൽകാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചടയമംഗലം നിയോജകമണ്ഡലത്തിൽ ഇളമാട് പഞ്ചായത്തിൽ ചെറിയ വെളിനല്ലൂർ കോമൺപ്ലോട്ടിൽ കൈവശാവകാശമുള്ള 34 കുടുംബങ്ങൾക്കും ഭൂമി പതിവിന് സർക്കാർ ഉത്തരവ് ആവശ്യമാണ്.

(ബി) വേങ്ങൂർ കോമൺപ്ലോട്ടിലെ 6 കുടുംബങ്ങളുടെ ഭൂമി പതിവ് സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതിനാൽ തീർപ്പാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. പ്രസ്തുത സ്ഥലം പതിച്ചുകൊടുക്കുന്നതിന് കൃഷി വകുപ്പിന്റെ അനുമതി ആവശ്യമാണ്.

(സി) 51 കുടുംബങ്ങളുണ്ട്. കൈവശം സാധൂകരിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കടൽപ്പുറത്തും പുറമ്പോക്കിലും താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് കൈവശഭൂമി പതിച്ചുകൊടുക്കാൻ നടപടി

110 [1330] ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടൽപ്പുറത്തും പുറമ്പോക്കിലും താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് അവരുടെ കൈവശഭൂമി പതിച്ചുകൊടുക്കാനുദ്ദേശമുണ്ടോ ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് ഭൂമി പതിച്ചുകൊടുത്തു ;

(സി) 2005-06-ൽ എത്ര മത്സ്യത്തൊഴിലാളികൾക്ക് ഭൂമി പതിച്ചു കൊടുക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം സമുദ്രതീരത്തിനടുത്ത് ഉയർന്ന ജലപരിധിയിൽ നിന്ന് 100 അടി വിട്ട് ഭൂമി താൽക്കാലികമായി പതിച്ച് കൊടുക്കാൻ വ്യവസ്ഥയുണ്ട്. ടി വ്യവസ്ഥകൾ പ്രകാരം പട്ടയം നൽകിവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 318 പേർക്ക് ഭൂമി പതിച്ച് കൊടുക്കുകയും 218 പേർക്ക് കൈവശരേഖ നൽകുകയും ചെയ്തിട്ടുണ്ട്.

(സി) 2005-06-ൽ 594 മത്സ്യത്തൊഴിലാളികളുടെ അപേക്ഷകളിൽ അർഹതയനുസരിച്ച് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly